# ദശവാക്യാമൃതം

## എട്ടാം പർവ്വം

# ദശവാക്യാമൃതം എട്ടാം പർവ്വം

**താളിളക്കം**

**2020**

പേര്: **ദശവാക്യാമൃതം എട്ടാം പർവ്വം**

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

No. 10.

## THE DECALOGUE - THE SEVENTH COMMANDMENT

### ദശവാക്യാമൃതം - എട്ടാം പൎവ്വം

ഏഴാം കല്പന. നീ വ്യഭിചരിക്കരുതു.

പരിശുദ്ധനായ ദൈവത്തെ ഭയപ്പെട്ടും സ്നേഹിച്ചുംകൊണ്ടു മന സ്സു വാക്കു നടപ്പുക ളാൽ ദുൎമ്മോഹം ദുഷ്കാമം മുതലായ പാപങ്ങളി ൽനിന്നു ഒഴിഞ്ഞു നടക്കുന്നതും അല്ലാതെ ഹൃദയത്തിൽനിന്നു ദുഷ്കാ മം മുതലായതു ജനിപ്പാൻ തക്ക മടിവു അതി ഭക്ഷണം ദുൎമ്മോഹ ത്തെ ഉളവാക്കുന്ന വസ്ത്രാഭരണങ്ങൾ ദുഷ്ടസംസ്സൎഗ്ഗം കാമ ശാസ്ത്ര ങ്ങൾ ലീലാനാടകങ്ങൾ കൂത്തുകൾ അവലക്ഷണ ചിത്രങ്ങളും മ റ്റും ഏഴാം കല്പനയാൽ വിലക്കിയിരിക്കുന്നു. ആകയാൽ ഭാൎയ്യാഭ ൎത്താക്കന്മാർ തങ്ങളുടെ സംസൎഗ്ഗത്തിന്നു ഭംഗം വരാത്തവണ്ണം ത മ്മിൽ തമ്മിൽ എങ്ങനെ ആചരിക്ക യും സ്നേഹിക്കയും മാനിക്കയും വേണമെന്നു തന്നെയല്ല വിവാഹമില്ലാത്തവരും നടക്കേണ്ടുന്ന ക്ര മവും "നീ വ്യഭിചരിക്കരുതു" എന്ന കല്പനയിൽ അടങ്ങിയിരി ക്കുന്നു.

I. വിവാഹസ്ഥന്മാരെ കൊണ്ടു പറയുന്നതു കേൾപ്പിൻ: "വി വാഹം എല്ലാറ്റിലും മാ നമുള്ളതും കിടക്ക നിൎമ്മലവുമാക." പുല യാടികളോടും വ്യഭിചാരികളോടും ദൈ വം തന്നെ ന്യായം വിസ്തരി ക്കും. ദുഷ്കാമദോഷക്രിയകൾ മിക്കതും ഒളിയിൽ നട ന്ന ഇഹത്തിൽ വെളിവാകായ്കകൊണ്ടു താൻ തന്നെ അങ്ങനെയുള്ള പ്രവൃത്തിക്കാ രെ വിചാരിച്ചു അവക്കു തക്ക ശിക്ഷ കൊടുക്കുമെന്നു ദൈവം തന്റെ വചനത്തിൽ അരുളിച്ചെയ്തതാവിതു: "ഭ്രമപ്പെടായ്വിൻ. പുലയാ ടികൾ വിഗ്രഹാരാധികൾ വ്യഭി ചാരികൾ എന്നിവർ ദൈവരാജ്യ ത്തെ അവകാശമാക്കുകയില്ല" (൧ കൊരി. ൬, ൧൦) എന്നത്രേ.

കൃഷ്ണനൊത്ത ജാരരും ചോരരുമായ ദേവന്മാരെ സങ്കല്പിച്ചു യ ഥാ രാജാ തഥാ പ്ര ജാ എന്നും ഗുരുവിനെ പോലെ ശിഷ്യനും അ പ്പനെ പോലെ മകനും അമ്മയെ പോലെ മകളും എന്നും പഴ ഞ്ചൊൽ പറയുന്നപ്രകാരം ദുഷ്കാമഭാവത്തിൽനിന്നുള വാകുന്ന വാ ക്കുകൾക്കും നിസ്സാര പൊട്ടച്ചൊല്ലുകൾക്കും ആംഗികങ്ങൾക്കും ക്രി യകൾക്കും അഞ്ചാതെയും നാണിക്കാതെയും നടക്കുന്നതു ദൈവഭ യം ഇല്ലാത്ത ഈ നാട്ടുകാരുടെ ഇടയിൽ കാണ്മാനുണ്ടു. എന്നിട്ടും പരമുഖം മോഹിച്ചു നോക്കു ന്നതും കൂട ദോഷം ആകുന്നു എന്നു ഓരോ ശാസ്ത്രങ്ങളിൽനിന്നു തെളിയുന്നപ്രകാ രം സജ്ജനം ഏറ പ്രമാണിക്കുന്നു. എന്നാൽ പുലയാടികളും വ്യഭിചാരികളും ദൈ വരാജ്യത്തിൽ കടക്കാതെ അ ഗ്നിനരകത്തിൽ വീഴുമെന്നതു പട്ടാങ്ങാകകൊണ്ടു ഒരുവനും തന്നെത്താൻ ചതിക്കരുതേ.

II. വിവാഹമില്ലാത്തവരെ കൊണ്ടുള്ള വേദകല്പിതം ആവിതു: "യൌ വനാഭിലാഷ ങ്ങളെ വിട്ടോടി നീതി വിശ്വാസസ്നേഹങ്ങളെയും ശുദ്ധ ഹൃ ദയത്തിൽനിന്നു ക്ഃ ത്താവെ വിളിക്കുന്നവർ എല്ലാവരോടും സമാധാനത്തെ യും പിഞ്ചുടൎന്നു കൊൾവിൻ. (൨. തിമോ. ൨, ൨൨.)

തേനും നെയ്യും ഉകിയ സ്ഥലത്തിൽ ഈച്ചകൾ മണം കേട്ടു പറന്നു വീണു കാലും ചിറകും പിരണ്ടു കുഴങ്ങി തെറ്റിപ്പോവാൻ കഴിവില്ലാതെ ആ രസത്തിന്നു വേണ്ടി ജീവനെ കളയുന്നപ്രകാരം ദുൎമ്മോഹികൾ ദുഷ്കാ മത്താൽ കുടുങ്ങി വലഞ്ഞു തോറ്റു ഒടുവിൽ തങ്ങളുടെ പ്രാണനെ നശി പ്പിക്കുന്നു. ഇങ്ങനെ അപകടമുള്ള വഴിയിൽ പ്രവേശിച്ചവൻ അതിൽ വീഴാതിരിക്കയില്ല. കുഴച്ച തവിട്ടിൽ കുടുങ്ങിപ്പോയ പ്രാ ണി അതിനെ തിന്നുന്ന പന്നിയുടെ വായിൽ അകപ്പെട്ടുമല്ലോ. പുതിയ പാത്ര ത്തിൽ ഒന്നാമതിട്ടു വെച്ച വസ്തുവിന്റെ ചൂർ പാത്രം ഉടയുവോളം വിടാതവണ്ണം ബാ ല്യകാലത്തിൽ ആദ്യമായി തോറ്റുവന്ന ദോഷത്തിന്നു മിക്കപേർ മര ണം വരെക്കും അധീനർ ആയിരിക്കും. തൊട്ടിലിലേ ശീലം ചുടലക്കാടോ ളമേ.

III. എന്നാൽ ഏതു നിലക്കാരോടും ദൈവം അരുളുന്നതു ധരിപ്പിൻ: എല്ലാ അശുദ്ധി യും ലോഭവും ചീത്തത്തരം പൊട്ടച്ചൊൽ കളിവാക്കും നിങ്ങളിൽ നാമം പോലും ഇരിക്കരുതു. (എഫെ. ൫, ൩. ൪.) ചെയ്യരുതാ ത്തതിനെ പറകയുമരുതല്ലോ. പുകയുള്ള ഇടത്തേ തീയുള്ളൂ എന്നാക യാൽ നാണമില്ലാത്തവനും നിസ്സാരനും അണ്ണൻ തമ്പിമാരത്രേ.

പിന്നേ നിങ്ങളുടെ ഹൃദയങ്ങൾ ലഹരിപ്രമാദത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിവിൻ. ദുൎന്നടപ്പു ണ്ടാക്കുന്ന കൂത്തു മദ്യ പാനങ്ങളിലും പുലയാട്ടിലുമല്ല പകലിന്നു തക്കപ്ര കാരം വെളിച്ചമക്കളായി നട ന്നുകൊൾവിൻ. മദ്യക്കുടി മതികേടു. മതി കെട്ടാൽ മാനവും നാണവും കെടും. ബോധവും നാണവും വിട്ടവർ അ ബദ്ധമേ പ്രവൃത്തിക്കും. ഇങ്ങനെ മുടിയനും പു ലയാടിയും പിശാചിന്റെ പടയാളികളാകുന്നു.—വിശേഷിച്ചു കൊള്ളരുതാത്ത സം സൎഗ്ഗത്തെ ഒഴി ക്കേണ്ടതു. ഭ്രമപ്പെടായ്വിൻ ഓർ ഉത്തമഭാവങ്ങളെ കെടുക്കുന്നു ദുസ്സംഗ ങ്ങൾ എന്നും ഇതാ കുറഞ്ഞ തീ എത്ര വലിയ വനത്തെ കത്തിക്കുന്നെ ന്നും വേദത്തിൽ കല്പിച്ചിരിക്കകൊണ്ടു വാക്കിനാൽ മനസ്സിൽ വീഴുന്ന തീയുടെ അഴക്കിനെ ഭയപ്പെടേണം. വലിയവൎക്കു ഇങ്ങനെ ദോഷം നേരി ട്ടാൽ നാം പ്രത്യേകമായ കുട്ടികളുടെ മുമ്പാകെ പറയുന്നതിനെ നന്ന സൂക്ഷിക്കേണം. ലീ ലാഭാഷിതം അസഭ്യവാക്കു വാവിഷ്ഠാനം മുതലായവ കുട്ടികൾ കേട്ടു ബാല്യക്കാ രായി വളൎന്നു വരുമളവിൽ ആയവർ ഞെറി തെ റ്റി ദുൎമ്മാൎഗ്ഗികളായി നടക്കും. പല അമ്മയച്ശന്മാരും ബുദ്ധികേടു സൂ ക്ഷക്കുറവുകളാൽ പാത്രം നോക്കാതെ വായ്ക്കു തോന്നിയതെല്ലാം കുട്ടികളു ടെ മുമ്പിൽ പകരുന്നതു അബദ്ധമായാൽ മക്കളെ

ടെ മനസ്സിനെ തീണ്ടി അശുദ്ധമാക്കുന്ന മോഹലീലാദി വാക്കുകളെകൊണ്ടു എന്തു പറയേണ്ടു. മനുഷ്യൻ പറയുന്ന ഏതു വാക്കിനെകൊണ്ടും ദൈവത്തിന്റെ തിരുമുമ്പിൽ കണക്കു ഒപ്പിക്കേണമല്ലോ. ഓരാത്മാവിനെ തന്റെ വാക്കുകൊ ണ്ടു കെടുക്കുന്നവൻ ആ രക്തത്തിന്നു ഉത്തരവാദിയത്രേ. ആകയാൽ ഭയ വിറയലുകളോടുകൂടെ നിന്റെ വായിനെ പൂട്ടിക്കൊൾക. മറ്റവരെ കെ ടുക്കുന്നവൻ അന്യരക്തത്തിന്നു ഉത്തരവാദിയാകുന്നതു പോലെ നീ നി ന്റെ സ്വന്ത ആത്മാവിനെ തൊട്ടു കണക്കു ബോധിപ്പിക്കേണ്ടി വരും.

എന്മകനേ! പാപികൾ നിന്നെ വശീകരിച്ചാൽ മനം ചെല്ലായ്ക. അങ്ങാടിയുടെ വീഥിയിൽ നടക്കുന്നവന്റെ പാദത്തിന്നു പൊടി പറ്റു കയും ചാരിയാൽ ചാടിയതു മണക്കുകയും ചെയ്യുംപോലെ ദുഷ്ടസംസൎഗ്ഗ ത്താൽ നിന്റെ ആത്മദേഹിദേഹങ്ങൾ അശുദ്ധിയും കറയും പിടിച്ചു പോകും. എന്നാൽ ധൂളിയും ഘ്രാണവും കുളിച്ചാൽ നീങ്ങുന്നപ്രകാരം ഈ വക നിത്യനാശത്തെ വരുത്തുന്ന മ്ലേഛ്ശതകളെ ഏതിനാൽ കഴുകിക്ക ളയാം? അതിന്നു മനുഷ്യർ കണ്ടെത്തിയ തീൎത്ഥങ്ങളും സങ്കല്പിച്ച ജപാദി കളും പോരായ്കയാൽ പരിശുദ്ധനായ ദൈവം നിയമിച്ച ഏക തീൎത്ഥമാകു ന്ന ക്രിസ്തന്റെ രക്തമേ മതിയാവൂ. അവന്റെ രക്തമല്ലോ നമ്മെ എ ല്ലാ അശുദ്ധിയിൽനിന്നു ശുദ്ധമാക്കുവാൻ ശക്തം. ദൈവത്തിൽനിന്നു കി ട്ടി നിങ്ങളിൽ ഇരിക്കുന്ന വിശുദ്ധാത്മാവിന്നു നിങ്ങളുടെ ശരീരം മന്ദിരം എന്നറിയുന്നില്ലയോ? (൧. കൊരി. ൬, ൧൯) എന്നരുളിക്കിടക്കുകയാൽ പ രിശുദ്ധമുള്ള ആത്മാവിന്നു നിൎമ്മലമായ പാൎപ്പിടവും ആവശ്യം എന്നു ഗ്ര ഹിക്കേണം. ദൈവം വിശുദ്ധനാകുംപോലെ അവനെ സേവിക്കുന്നവരും വിശുദ്ധരായിരിക്കേണം. അപ്രകാരം ഉള്ളവരിൽ താൻ കുടിപാൎക്കുകേയു ള്ളൂ. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. അതിൽ ആൎക്കു മനസ്സു ചൊല്ലാതു.

എന്നാൽ നിങ്ങളുടെ സന്തതികളും ഇഹപരസൌഖ്യം അനുഭവിക്കേ ണ്ടതിന്നു ചില ഉപദേശങ്ങളെ പറയാം:

1. കരുണയുള്ള ദൈവം മനുഷ്യജാതി പെരുകേണ്ടതിന്നു അവരെ ആണും പെണ്ണുമാ യി നിൎമ്മിച്ചു വിവാഹാവസ്ഥയെ കല്പിച്ചതുകൊണ്ടു, തനിക്കിഷ്ടമുള്ള സന്തതിമാൎഗ്ഗത്തെ കാണി ച്ചിരിക്കുന്നു. ആ സ്ഥിതിയിൽ പ്രവേശിക്കാതെ വേറെ വല്ല വഴിയായി നടക്കുന്നവൻ വ്യഭി ചാരവും പുലയാട്ടും അക്രമവും പ്രവൃത്തിക്കുന്നു.

2. യൌവനമോഹങ്ങളെ പോരാടി ജയിച്ചു അടക്കേണ്ടു. അതിന്നു നിവൃത്തി വരുത്തു ന്നവനോ തന്നെ അത്യന്തമായി ഹീനനും ഭ്രഷ്ടനും ആക്കിത്തീൎക്കുന്നു. ഇങ്ങനേത്തവരെ ദൈ വം പല രോഗങ്ങളാലും കഷ്ടമുള്ള വാൎദ്ധക്യത്താലും ഒടുവിൽ നരകത്താലും ശിക്ഷിക്കുന്നു. ആ യവർ വ്യഭിചരിച്ചു കെടുത്തിയ ശരീരത്തോടു പിന്നേതിൽ വിവാഹം കഴിച്ചാലും തന്റെ പരി ഷയെ ചതിക്കയല്ലാതെ തങ്ങളുടെ

സന്തതിക്കു കാണുന്ന ബലഹീനം ദീനം മുതലായ കേടിന്നു കുറ്റക്കാർ ആകുവാൻ സംഗതി ഉണ്ടു. കഷ്ടം.

3. ഞെരിക്കം കഷ്ടം മുതലായ സങ്കടങ്ങൾ മനുഷ്യന്നു വലിയ പരീക്ഷയായ്തീരുന്നു എങ്കി ലും ഒരു സ്ത്രീയും നാൾ കഴിച്ചലിന്നു വേണ്ടി തന്റെ മാനത്തെ കളഞ്ഞാൽ തന്നെത്താൻ സ്വ ൎഗ്ഗീയ ഭാഗ്യത്തിന്നു അയോഗ്യമുള്ളവൾ ആക്കിത്തീൎക്കയും നര കത്തെ നേടുകയും ചെയ്യുന്നുള്ളു. ആരുടെ ദോഷത്താൽ ഒരു സ്ത്രീ സന്മാൎഗ്ഗം വിട്ടു വേശ്യാമാൎഗ്ഗം അനുസരിച്ചാൽ ആയവർ അവ ളുടെ രക്തത്തിന്നു കണക്കു ബോധിപ്പിക്കേണം എന്നും മറക്കരുതു.

4. ചെറുപ്രായത്തിലേ കല്യാണംകൊണ്ടു പരുവപ്രായം എത്താത്തവരുടെ മനസ്സു ദൂഷി ച്ചുപോകുന്നതു കൂടാതെ മംഗലത്തോളം പല ബാല്യക്കാർ ഓരോ നിഷിദ്ധ വഴിയിൽ നടക്കുക കൊണ്ടു പരുവം തികഞ്ഞേ വിവാഹം കഴിക്കേണ്ടു.

5. മരുമക്കത്തായത്തിൽ ഇഷ്ടംപോലെ കെട്ടറുപ്പാൻ സമ്മതം ഉള്ളതിനാൽ വ്രതമുള്ള സ്ത്രീ കളെ വലിയ പരീക്ഷാകഷ്ടങ്ങളിൽ അകപ്പെടുത്തുന്നതു നിമിത്തം മരുമക്കത്തായമേ വേണ്ടാ.

6. കിഴവന്മാർ ബാല്യക്കാരത്തികളെയും ബാല്യക്കാർ കിഴവികളെയും കിഴവികൾ ബാ ല്യക്കാരെയും കെട്ടരുതു. ഇങ്ങനെ പ്രായഭേദം ഏറയുണ്ടായാൽ തൃപ്തി തോന്നാത്ത പരിഷ എളു പ്പത്തിൽ ദോഷമാൎഗ്ഗം അനുസരിപ്പാൻ ഇടവരുന്നു.

7. വിധവമാരോ ഭാൎയ്യ മരിച്ച പുരുഷരോ തങ്ങളുടെ പാത്രമാകുന്ന ശരീരത്തെ ശുദ്ധിയോ ടെ കാക്കേണ്ടു. മനസ്സും കഴിവും ഉണ്ടെങ്കിൽ വേളികഴിക്കട്ടേ.

8. വിവാഹസ്ഥന്മാർ തമ്മിൽ വ്രതവിശ്വസ്തതയോടെ നടക്കേണം. നീ വ്യഭിചരിക്ക രുതു എന്നതു പുരുഷന്നും സ്ത്രീക്കും സമമായി കല്പിച്ചിരിക്കുന്നുവല്ലൊ.

പുരുഷന്മാരേ! നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ. സ്വഭാൎയ്യയെ സ്നേ ഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. തന്റെ ജഡത്തോടല്ലോ ഒ രുവനും ഒരുനാളും പകെച്ചില്ല. സ്ത്രീകളേ! ഭൎത്താവിന്നു എന്ന പോലെ സ്വഭൎത്താക്കന്മാൎക്കു കീഴടങ്ങുവിൻ. ഭാൎയ്യ ഭൎത്താവിൻ ദാസിയായിട്ടോ യജമാനത്തിയായിട്ടോ അല്ല, അൎദ്ധാംഗിയും (ഇടഭാഗം എന്നുണ്ടല്ലോ) സഹായയും വീട്ടിൽ യജമാനത്തിയും ആയിരിക്കേണം. ഭൎത്താവു എവ്വി ധത്തിൽ ഭവനത്തിൽ തലയും മൂന്നാളിയും ആയിട്ടു നടക്കയും നടത്തിക്ക യും വേണം. വിവാഹാവസ്ഥയെ ഒരു ഉറപ്പുള്ള വീട്ടിനോടു ഉപമിക്കാം. അതിൽ സുഖത്തോടെ പാൎക്കേണമെങ്കിൽ അതിന്റെ നാലു ചുമരുകളും നന്നായിരിക്കേണം. കിഴക്കുള്ള ചുമരോ: പ്രാൎത്ഥന; തെക്കുള്ളതോ: മടി വു കൂടാത്ത പ്രവൃത്തി; പടിഞ്ഞാറുള്ളതോ: ധനരക്ഷ; വടക്കുള്ളതോ: അന്യോന്യസ്നേഹം; ഈ നാലിൽ ഒന്നു തകൎന്നു പോയാൽ വീടു ഉറപ്പില്ലാ തെ എപ്പോഴെങ്കിലും വീണു പോകേയുള്ളൂ. ഇങ്ങനെ ശുദ്ധവിവാഹത്തിൽ നില്ക്കുന്നവർ ദൈ

വേഷ്ടത്തെ നിവൃത്തിക്കയും ഭക്തിയുള്ള മക്കളെ പോറ്റി അവൎക്കും തങ്ങൾ പാൎക്കുന്ന രാജ്യത്തിന്നും നന്മ വരുത്തുകയും ചെയ്യുന്നു. എന്നാൽ ദൈവഭക്തന്മാരായി തങ്ങളെ എപ്പേൎപ്പെട്ട മലിനതയിൽനിന്നു കാത്തുകൊള്ളുന്ന ഏവരും ദൈവത്തെ മുഖാമുഖമായി കണ്ടു എന്നേക്കു മുള്ള സൌഭാഗ്യ സന്തോഷങ്ങളെ അനുഭവിക്കും.

പ്രസാധകർ
താളിളക്കം